LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർക്കെതിരെയുള്ള പരാതി

166(5755) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. അനൂപ് ജേക്കബ് എന്നിവർക്കെതിരെ അഴിമതി ആരോപിച്ച് കേരളാ കോൺഗ്രസ്സ് നേതാവ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിരുന്നോ ;

(ബി) എങ്കിൽ എന്നാണ് പരാതി നൽകിയതെന്നും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പ്രസ്തുത വ്യക്തികൾക്കെതിരെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിക്ക് 5-2-2015 തീയതിയിൽ സമർപ്പിച്ച പരാതിയുടെ പകർപ്പ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ 13-4-2015 തീയതിയിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പരാതിയിൽ, ബാർ, ക്വാറി, ജ്വല്ലറി, റൈസ് മിൽ ഉടമകളുമായി ബന്ധപ്പെട്ട ആരോപണം, ദേശീയ ഗെയിംസിനെ സംബന്ധിച്ചവ, ഡിസ്ക്രീറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറത്തിലെ നിയമങ്ങളിലെ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ചുള്ള ആരോപണങ്ങൾ പ്രത്യേക അന്വേഷണ ഏജൻസി മുഖേന അന്വേഷണം നടത്തണമെന്ന ആവശ്യമായിരുന്നു ഉന്നയിച്ചിരുന്നത്. പ്രസ്തുത ആരോപണങ്ങളിൽ ഒന്നൊഴികെ മറ്റെല്ലാം അവ്യക്തവും പൊതുവായതും വിജിലൻസ് അന്വേഷണത്തിന് പ്രാപ്തമാകാത്ത വിധം മതിയായ കാരണങ്ങളില്ലാത്തതും ആയിരുന്നു. എന്നാൽ ഡിസ്ക്രീറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറങ്ങളിലെ നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ടുമാർക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇ-പ്രിസൺസ്

167(5756) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ വകുപ്പിനെ ഇ-പ്രിസൺസ് ഗണത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;